**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1938 14.08.2017 - ൽ മറുപടിയ്ക്ക്

**<u>സാമൂഹ്യ സുരക്ഷാ മിഷൻ വഴി വിതരണം ചെയ്യുവരുന്ന പെൻഷൻ</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എം.രാജഗോപാലൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| | കിടപ്പുരോഗികൾക്കും, ഗുരുതരമായ രോഗങ്ങൾ ബാധിച്ചവർക്കും സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷൻ വഴി വിതരണം ചെയ്യുവരുന്ന പെൻഷൻ മുടങ്ങിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സമയബന്ധിതമായി ലഭ്യമാക്കാൻ കാര്യക്ഷമമായ നടപടികൾ ഉണ്ടാകുമോ? | | ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ 'ആശ്വാസകിരണം' പദ്ധതി പ്രകാരമുള്ള ധനസഹായത്തിനുള്ള 2016 ആഗസ്റ്റ് 15 വരെയുള്ള അപേക്ഷകളും കെട്ടികിടന്ന 2011, 2012, 2013, 2014, 2015, 2016 മെയ് വരെയുള്ള 23804 അപേക്ഷകളും. യഥാസമയം ധനസഹായം ലഭിക്കുന്നില്ല എന്നുള്ള ഗുണഭോക്താക്കളുടെ പരാതികളും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, 90251 പേർക്ക് 2016 ജൂൺ മുതൽ 2017 മാർച്ച് വരെ 67,83,79,799/-രൂപ വിതരണം ചെയ്തിട്ടുള്ളതാണ്. നേരത്തെ 2012, 2013, 2014-ൽ അപേക്ഷിച്ചിട്ടുള്ളതും, തുടർന്ന് ധനസഹായം നൽകാതിരുന്നതുമായ അപേക്ഷകരുടെ പരാതികൾ ലഭിച്ചു വരുന്നത് സമയബന്ധിതമായി തീർപ്പാക്കി അർഹരായവർക്ക് ധനസഹായം നൽകുന്നതിനുള്ള സത്വര നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**